പരേതരുടെ പുസ്തകം

ഡി. പി. അഭിജിത്ത്

പരേതരുടെ പുസ്തകം
ഡി. പി. അഭിജിത്ത്
(മലയാളം: ചെറുകഥ)

© 2021, D. P. Abhijith

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Ophelia, a painting by Konstantin Makovsk (1839–1915). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

പരേതരുടെ പുസ്തകം

ചോര ഉറവകൂടിയ മുറിയിലെ തണുപ്പിൽ അപ്പന്റെ മണം കലരുന്നതറിഞ്ഞ് ആറാംവാരിയിൽ കടിച്ചു തൂങ്ങിയ കൊതുകുകളെ അടിച്ചു ചമ്മന്തിയാക്കിക്കൊണ്ട് ആന്തോ അലറി.

"അപ്പനിതെന്നാ കോപ്പിലെ ഏർപ്പാടാ കാണിച്ചേ ഈ കൊച്ചുവെളുപ്പിന് ഇക്കണ്ട മഴയെല്ലാം നനഞ്ഞുകുളിച്ചിങ്ങോട്ട് കയറിവന്ന നേരം വേണ്ടാരുന്നല്ലോ ചത്തുകെടന്നപ്പോ ശവത്തില് ശ്വാസമായിട്ടു വരാൻ"

ഏതാണ്ട് രണ്ടു കഷണമായ തല താടിയോട് ചേർത്ത് തോർത്തിനുകെട്ടി അപ്പൻ വെറുംനിലത്ത് കുറേ നേരം കുന്തിച്ചിരുന്നു. പിന്നെ പതിഞ്ഞ ഒച്ചയിൽ പറഞ്ഞുതുടങ്ങി.

"ഈ കൊതുളൊക്കെ ചത്തോരെ പ്രേതങ്ങളാടാ കുഞ്ഞേ ഇങ്ങനെ കൊന്നാല് ഗതികിട്ടാണ്ട് അലഞ്ഞുനടക്കേണ്ടി വരും, എത്രെണ്ണത്തിനെ കൊന്നോ അത്രേം വട്ടം"

"ദേണ്ട വിഷയൊന്നും മാറ്റണ്ട എല്ലാരും കൂടിയെന്നെ എടുത്തിട്ടു ഞെരിച്ചപ്പഴും അപ്പൻ തിരിച്ചുവരുന്ന ഞാങ്കെടന്നലറി എന്നിട്ടും അവരപ്പന്റെ ശവോം കൊണ്ട് പോയി. അപ്പാപ്പന്മാരെല്ലാം വന്നപോലെ അപ്പനെന്നാ നേരത്തും കാലത്തും വരാഞ്ഞേ...?".

ചുറ്റാകെ മൂളിപ്പറക്കുന്ന കൊതുകുകളെ നോക്കി ആന്തോ കണ്ണീരുപായിച്ചു.

"വെഷമിക്കാതെടാ കുഞ്ഞേ... നീയീ പറയുമ്പോലൊന്നുമല്ല. ചത്തുകഴിഞ്ഞാ ഏണ്ണം കോണ്ണം തിരിയാൻതന്നെ കൊറേനേരം പിടിക്കും. പിന്ന പഴയോരൊക്ക ചാവും മുന്നേ ലോകം മോത്തോം കണ്ടോരാ, വലിയോരാ. അതുപോലെങ്ങാനുമപ്പനെക്കൊണ്ടുപറ്റുമോടാ. എന്റെ ശവത്തില് നോക്കി പള്ളിക്കാര് പറഞ്ഞത് നീയും കേട്ടില്ല്യോടാ കുഴിച്ചിട്ടുന്ന മണ്ണ് നാറൂന്ന്. അതുണ്ടല്ലിയോ അവരെന്നെ ക്രിസ്ത്യാനിക്കു നെരക്കാതെ കത്തിച്ചു കളഞ്ഞത്. ഒന്നിനും കൊള്ളാത്ത അശ്രുവാടാ ഞാൻ നാറ്റം വച്ച വെറും തീട്ടം."

അപ്പന്റെ തൊണ്ടയിടറി. മരിക്കും മുമ്പ് വലിച്ച ബീഡി മണം കൊക്കി ചുമച്ച് പുറത്ത് ചാടി.

"ആ നായ്ക്കള് കൊരയ്ക്കട്ട്. നമ്മളത് കേക്കാൻ പോവണ്ട. അപ്പനെന്റെ മുത്തുമണിയല്ലേപ്പാ."

ചോരയുണങ്ങിയ ചിറികളിൽ ആന്തോ മാറി മാറി മുത്തി.

"അല്ല. ആണേപ്പിന്നെ എന്നാത്തിനാ നീ എന്റ തലമണ്ട അടിച്ചു പൊട്ടിച്ചേ? പഴയോരെ പെട്ടിക്ക് മേണ്ടീട്ടാണോ? തൊട്ടപ്പന്മാരെ ദിക്കരിച്ച് അത് തൊറക്കാനാണ് നെന്റ ഭാവോങ്കി ഞാൻ പറഞ്ഞിട്ടുണ്ടേ..."

വിറപ്പിക്കുന്ന ഒച്ചയിൽ തലപ്പാളികൾ ആടിയുലയുന്നത് നോക്കി ആന്തോ വേഗം പറഞ്ഞു.

"ആ അതുശരി വേണ്ടാത്ത കഥയൊക്കെ ഇരുന്ന് പറഞ്ഞു തന്നിട്ടല്ലേ. പഴയോരെല്ലാവരും ചത്തെണീറ്റ് വന്നപോലെ അപ്പനും വരുന്ന് ഞാൻ നിരീച്ചു. അപ്പനൊന്നാലോചിച്ചു നോക്കിക്കേ ചത്തിട്ട് ഒരു റീ എൻട്രിയൊക്കെ അടിച്ച് ഇങ്ങോട്ട് വന്നാ എന്റ അപ്പൻ പിന്നിവിടെ ആരാ...? സ്വന്തം അപ്പനെ ഒരു രാജാവായിട്ട് കാണാൻ ഏത് മക്കളേം പോലെ എനിക്കും ആഗ്രഹം ഉണ്ടാവൂല്ലേപ്പാ "

ചാരായം കട്ട പെരുകിയ കൺപോളകൾ പൊക്കി മുന്നിലിരിക്കുന്ന തകരപ്പെട്ടിയിലേക്കാക്കിക്കൊണ്ട് ആന്തോ പിന്നെയും കുറേനേരം ചീവീടുകൾക്കൊപ്പം കരഞ്ഞു.

ഇരുട്ട് ഇടഭിത്തി കെട്ടിയ മുറിയിൽ രണ്ടുപേരും മുഖാമുഖം നോക്കിയിരുന്നു. നിശ്ശബ്ദത വെളുപ്പിൻ വെട്ടം തേടിയിറങ്ങിയപ്പോൾ മൂക്ക് പിഴിഞ്ഞെറിഞ്ഞു കൊണ്ടാന്തോ പതിയെ ചോദിച്ചു.

"ചത്തെഴുനേറ്റിട്ട് അപ്പന്റപ്പന് ശെരിക്കും എന്നതാ പിന്നെ ഉണ്ടായേ...?"

ഒരു തെറുപ്പ് ബീഡിക്ക് തീവെച്ച് അപ്പനും മോനും കുറേനാൾ മുമ്പുള്ള ഒരുച്ച നേരത്തോട്ട് മാറി മാറി പുകയൂതിവിട്ടു.

വലിയപള്ളി പിതാവിന്റെ പൊന്തിഫിക്കൽ ബലി ദിവസം കഴിതൊറന്നുള്ള തിരുശേഷിപ്പ് പ്രാർത്ഥന കഴിഞ്ഞു കുടിച്ചുപേഞ്ഞുവന്ന അന്ന് കുരുമുളകിട്ടു വറട്ടിയ പോർക്ക് കഷ്ണം വായിലിട്ടു ചവച്ചുകൊണ്ടപ്പൻ ചോദിച്ചു.

"എടാ ആന്തോ എന്റപ്പൻ ഔതായെ നീ ഫോട്ടോയിലെങ്കിലും കണ്ടിട്ടൊണ്ടോഡാ?"

"ഇല്ലപ്പാ... അപ്പാപ്പൻ ആളെങ്ങനാരുന്നു?"

അപ്പന്റെ ആവേശത്തിനുമേൽ ഒരു കുപ്പി കള്ളുകൂടി ചരച്ച് ആന്തോ കൂടെപ്പിടിച്ചു. ഉച്ചവെയിൽ നിഴൽ ചിത്രങ്ങൾ വരച്ച വരാന്തയിലേക്ക് അപ്പൻ കഥയുടെ തോർത്തുവിരിച്ചു.

പണ്ടീ കടയ്ക്കലെ ദാദയാർന്ന്ഡാ എന്റപ്പൻ, നെന്റ പ്പാപ്പൻ. അപ്പന്റ തലവെട്ടം കണ്ടാമതി ഇവിടുത്ത വല്യ കൂത്താടികള് നിക്കറിമുള്ളും. നല്ല പച്ചപ്പാതിരാ പോലെനിക്കിപ്പഴും ഓർമ്മയൊണ്ട്. നമ്മക്ക് സ്വാതന്ത്ര്യം കിട്ടിയ കൊല്ലത്തെ വലിയ പെരുന്നാളിന് അറക്കാൻ കൊണ്ടുവന്ന പോത്തന്മാരിൽ പെര വണ്ണമൊള്ള ഒന്നിനെ നോക്കി അപ്പൻ അഴിച്ചോണ്ടിങ്ങു പോന്നു. പള്ളിവികാരിയും പഞ്ചായത്തുമെമ്പറുമൊക്കെ അപ്പന്റെ അടുത്തുന്ന് ഒരു കയ്യകലം മാറിനിന്ന് ആജ്ഞാപിച്ചും കാലുപിടിച്ചുമൊക്കെ നോക്കി ആരു കേൾക്കാൻ. പോത്തിനെ എരിത്തിലിൽ കേറ്റി കെട്ടിയിട്ട് എന്റെ കൂടെപറഞ്ഞു. "നെന്റെ തള്ള ഒണ്ടായിരുന്നേല് അവക്കൊരു കൂട്ടായേന അല്ലിയോടാ".



അമ്മച്ചിയെപ്പറ്റി ചോദിച്ചപ്പോഴൊക്കെ "ചത്തിട്ടില്ല" എന്ന് മാത്രം അപ്പൻ പറഞ്ഞിട്ടൊണ്ട്. പിന്നേം അതേപ്പറ്റി വല്ലോം ചോദിച്ചാ അപ്പന്റെ സ്വഭാവത്തിന് എന്റെ പള്ളയ്ക്ക് ചവിട്ട് വീഴും.

അപ്പനില്ലാത്ത നേരത്ത് വർത്താനം പറഞ്ഞിരിക്കാൻ ഒരാളായതിന്റെ സുഖത്തില് വയ്യുന്നേരത്ത് കഞ്ഞി മോന്തിക്കൊണ്ടിരുന്നപ്പോഴാണ് പോത്തും വണ്ണമുള്ള ഏഴെട്ടു ഗുണ്ടകള് കത്തീം വടിവാളുമായിട്ട് പടികേറി വന്നത്.

'നെന്റതന്ത എന്തിയെടാ കൊച്ചുകുരോളി' എന്നും പറഞ്ഞു വാതില് തള്ളിത്തുറന്ന പൊരയ്ക്കുള്ളിൽ കയറിയ ഒരുത്തൻ അപ്പന്റെ ഒറ്റച്ചവിട്ടിനു രണ്ടു കരണം മറിഞ്ഞു മിറ്റത്ത് തെറിച്ചു വീണു. പിന്നയാരുന്നു രസം. തടിയന്മാരെയൊക്കെ തള്ളിമാറ്റി അപ്പൻ നേരെ പിന്നാമ്പറത്തേക്കോടി പോത്തിനെ അഴിച്ചതിന്റെ പെറത്തു കയറി. അപ്പനെ കത്തിമലത്തുന്നത് കാണാൻ തൊടിയിൽ തടിച്ചുകൂടിയവന്മാരെയൊക്കെ ഡ്രുക്കിയെറിഞ്ഞുകൊണ്ടു ശരം വിട്ട പോലെ പാഞ്ഞ അപ്പനും പോത്തും, എല്ലാവരും ഓടിക്കിതച്ചാറ്റിങ്കരയിൽ എത്തുന്നൊരെ അവിടെ നിന്നു. പിന്ന ആറ്റിലോട്ടൊറ്റമറിച്ചില്. പെണ്ണുങ്ങള് അടിക്കേം നനയ്ക്കേം ചെയ്യുന്ന ആറ്റുകഴിയില് രണ്ടും പൊങ്ങി. പോത്തിനു കഴുത്തോളം വെള്ളം അപ്പന് അരയോളം. വെള്ളത്തിക്കെടന്നു തന്നെ എല്ലാവനെയും അടിച്ചു ശെരിപ്പെടുത്തി രണ്ടുപേരും കരയ്ക്കു കയറി. അന്ന് തൊട്ട് പോത്തന്റെ പെറത്തായി ഞങ്ങളുടെ സർക്കീട്ട്. പോത്തിന്റെ പെറത്തിരിക്കുമ്പോ എനിക്കും, അപ്പൻ പൊറത്തിരിക്കുമ്പോ പോത്തിനും പയങ്കര ഗമയായിരുന്ന്. അപ്പനെ കേക്കാതെയും എന്നെ കേക്കയും ആള്ക്കാര് പോത്തനെന്നും പോത്തന്റെ മോനേന്നും വിളിച്ചു. വട്ടപ്പേരുവിളിച്ച് മുമ്പിൽവന്ന ചാട്ടുന്നവന്മാരുടെയെല്ലാം കയ്യും കാലും തല്ലിയൊടിച്ചിട്ട് അവരുടെ വീടുകളിലെ പെണ്ണുങ്ങളോട് അപ്പൻ രാത്രിയുദ്ധത്തിനു പോകമായിരുന്നു. ഞായറാഴിച്ച കുർബ്ബാന കഴിഞ്ഞു മടങ്ങുന്ന എല്ലാവരെയും പേടിപ്പിച്ചു കൊണ്ടപ്പനും പോത്തും തലങ്ങനേം വെലങ്ങനേം പാഞ്ഞു ആറ്റുകഴിയിലോട്ടു മറിയും. അന്നൊക്കെ വലിയ വീട്ടിലെ പെണ്ണുങ്ങളുപോലും അപ്പന്റെ അഭ്യാസങ്ങള് കാണാൻ തോട്ടുകരയില് തിരിഞ്ഞു നിന്നിരുന്നു.

അങ്ങനെ ഒരു പ്രാർത്ഥനാ ദെവസം കളിക്കാൻ പോയ അപ്പൻ തിരിച്ചുവന്നത് ശവമായിട്ടാണ്. ആറ്റു കഴില് ഏതോ കള്ള നാറികൾ അലക്കുപാറ ചരിച്ചിട്ടിരുന്നു. അടീല് നിക്കറിടണ പതിവില്ലാത്തോണ്ടു തുണിയൊന്നുമില്ലാണ്ട് ചത്ത് മലച്ചു കെടക്കണ അപ്പനെ കണ്ടപ്പോ എനിക്ക് ചിരിവന്നു. വെഷമം തോന്നിയത് പോത്തനെ ആരാണ്ടൊക്കെ ചേർന്ന് കൊന്നു കറിവച്ചെന്ന കേട്ടപ്പോഴാണ്. മൊരടൻ സ്വഭാവം കാരണം ചാവിന് പോലും അപ്പന്റെ വാറ്റുകമ്പിനിക്കാരല്ലാതെ വേറാരും കൂടീല്ല. സംഭവം അതല്ല, കുഴീം വെട്ടി ശവമെടുക്കാൻ ചെന്നപ്പോ അപ്പൻ ദേ ഒരക്കത്തീന്ന പോലെ നെലത്ത് ചടഞ്ഞിരിക്കുവാ. കൊറേനേരം ആർക്കും ഏണ് വന്നില്ല. ശംഖുവരയൻ പോലെ കഴുത്തിൽ തൂങ്ങിക്കെടന്ന കൊന്തചേർത്ത് കുരിശു വരച്ചു പ്രാർത്ഥിക്കുന്നത് അന്ന് ആദ്യമായിട്ടാണ്. വലിയ പള്ളീലച്ചൻ ഉൾപ്പടെ എല്ലാരും അപ്പന്റെ പ്രേതമാണിതെന്നു പറഞ്ഞു പേടിച്ചുമാറി." ഞാൻ ചത്തിട്ടൊന്നുമില്ലടാ പട്ടികളെ "ചോരയൊലിക്കുന്ന തലയും പൊത്തിപ്പിടിച്ചുകൊണ്ടു നെലത്തിരുന്ന് അപ്പൻ അലറി. കരിശ്ശേരി മൂന്നാം ദിവസം പൊങ്ങിയ കർത്താവ് തമ്പുരാനെ പോലെ അപ്പനും ചത്ത് ജീവിച്ച കാര്യം എല്ലാടത്തും പാട്ടായി. അതോടെ അപ്പനെന്തോ ദൈവിക ശക്തിയൊണ്ടെന്നും പറഞ്ഞു വന്നവരെയൊക്കെ അപ്പൻ പള്ള വിളിച്ചോടിച്ചു. ഗവൺമെന്റ് ആശുത്രീന്നു ഡോക്ട്ടറുമാരുവന്ന ഒരു കോഴപ്പോം ഇല്ലന്ന് പറഞ്ഞിട്ടും കൊറേസം കഴിഞ്ഞിട്ടാണ്ടാമ്പോലും അപ്പന്റടുത്ത് പോയത്.



തലയിലും കയ്യിലും വെച്ചുകെട്ടുമായി പാവം വലിഞ്ഞും എഴഞ്ഞും ഊറാനും പെടുക്കാനും പോന്നതും കഞ്ഞി കോരിയിട്ടു കുടിക്കുന്നതുമൊക്കെ ജാളിയിലൂടെ നോക്കി നിക്കുമാരുന്നു.

വലിയവീടന്റെ ശവമടക്കിന് പലഹാരപ്പൊതിക്കു വേണ്ടി നമ്മള് പിള്ളാര് അടികൂടിക്കൊണ്ടിരുന്നപ്പോഴ് വലിയോരെ വായിൽനിന്നാണ് പഴയൊരെപ്പറ്റി ആദ്യം കേട്ടത്; വരാലിന്റെ തൊലി ഉരിക്കണ ഉശിരൻ പള്ളുകൾ.

പിന്നങ്ങോട്ട് എടവകപ്പറമ്പുകളിൽ കളിച്ചോണ്ടിരിക്കുമ്പോൾ കൂട്ടര വായീന്നും അതുപോലെ പള്ളുകള് വീണുതുടങ്ങി. അപ്പാപ്പന്മാരൊക്കെയും ചത്തു ജീവിച്ചോരാണെന്നും പഴയൊരെല്ലാരും കൂടോത്രന്നൊക്കെയുള്ള കഥകള് പള്ളിക്കും സെമിത്തേരിക്കും എടയ്ക്കുള്ള ഓട്ടുവഴികളിൽ കാതുകൾ തേടി നടന്നു.

അന്നത്തെ കപ്യാർക്കൊപ്പം വല്യപ്പാപ്പനാണ് ആദ്യമീ നാട്ടിലോട്ട് വരുന്നത്. അങ്ങേരട പേരു പോലും ആർക്കും അറിയത്തില്ല. എന്നാലും പഴേ കുഴിമാന്തീന്ന് പറഞ്ഞാ എല്ലാരും അറിയും. മൂപ്പര കടികെടപ്പൊക്കെ പള്ളിക്കാമ്പോണ്ടിൽ തന്നാരുന്നെങ്കിലും പള്ളിക്കകത്തൊന്നും കേറ്റീരുന്നില്ല. കല്യാണോന്നും അങ്ങേര് കഴിച്ചിട്ടില്ല. പിന്ന അപ്പനോണ്ടായത് എങ്ങാനാന്ന് വച്ചാ മൂപ്പര് ആദ്യായിട്ട് കുഴിവെട്ടുന്നത് തേങ്ങീന്ന വീണു ചത്ത ഒരുത്തനാണ്. കരഞ്ഞു കലങ്ങിയ കണ്ണുമായി എനിക്കിനിയാരുണ്ടെന്ന നെഞ്ചുതല്ലി നെല വിളിച്ചുകൊണ്ടിരുന്ന പെണ്ണവളെ നോക്കി ഞാനുണ്ടെടീ കൊച്ചേന്നങ്ങു പറഞ്ഞു. പറച്ചില് മാത്രമല്ല ആശാൻ അവിടെങ്ങു കൂടുകയും ചെയ്തു.

ഒരു പകല് മൂപ്പര് ഒണന്ന് നോക്കുമ്പോ നെലത്ത് ഒരു ചോര കുഞ്ഞുമാത്രം അരിച്ചു പെറുക്കിയിട്ടും തള്ളച്ചിയെ പിന്ന ആരും കണ്ടിട്ടില്ല. തള്ളേക്കൊന്ന കുഴിച്ചുമൂടേതാണെന്നൊക്കെ പറയുന്നൊരുണ്ട്.

തോടുവെള്ളത്തി മുക്കിവെച്ച വാറ്റിന്റെ തണുപ്പ് തലയ്ക്ക് കേറണ രാത്രികളില് ആൺ തൊണപോയ മിക്കവീടുകളിലും പതിവായിട്ട് സേവ ഉണ്ടാരുന്നു. നല്ല പെണ്ണുങ്ങളൊള്ള വീട്ടിലെ ആൺപെറന്നോന്മാരുടെ കൂതാശ ചൊല്ലുന്നേരം കുഴിവെട്ടി ദൂരെ മാറിനിക്കുന്ന മൂപ്പരുടെ മുഖത്തോട്ട് പള്ളിവികാരി ഒളികണ്ണിട്ടു നോക്കും. അങ്ങനെ ഒരിക്കല് കഥകളറിയാൻ കൊതിച്ചിട്ടു രഹസ്യായിട്ടൊന്നു കുമ്പസാരിപ്പിച്ചു. അതോടെ മൂന്നുമാസത്തിനുള്ളിൽ പള്ളിയ്ക്ക് പുതിയോരച്ചനെക്കിട്ടി. അങ്ങനെ എത്രയെത്ര കഥകൾ അങ്ങേരുടെ പേരിൽ എഴുതിവക്കാതെ പറന്നു നടന്നെന്നറിയോ.

ഒരിക്കലൊരടക്കു കഴിഞ്ഞു കാലത്ത് സെമിത്തേരിയിൽ വന്ന കപ്യാര് കാണുന്നത് കുഴീട മണ്ടേല് സ്ലാബും പിടിച്ചിട്ട് കള്ളും കുടിച്ചു കെടന്നൊറങ്ങുന്ന മൂപ്പരെയാണ്. കപ്യാരെത്ര കുലുക്കി വിളിച്ചിട്ടും ആള് ഒണരുന്നില്ല. പള്ളയ്ക്ക് നല്ല നാല് ചവുട്ടും പറ്റിച്ചുനോക്കി എന്നിട്ടും ഒണരാത്തത് കണ്ടു കപ്യാരുടെ കൈ കയറ് പിടിക്കാൻ വെറയില് തൊടങ്ങി. വിവരമറിഞ്ഞു ഓടിവന്ന അച്ചൻ മൂക്കത്തെ കാറ്റ് നോക്കി പതിയെ ഒപ്പീസുചൊല്ലിത്തുടങ്ങി. ഒടുക്കത്തെ ആമേൻ ഏറ്റു പറഞ്ഞുകൊണ്ട് കുഴിമാടത്തിൽ എണീറ്റിരിക്കുന്ന കുഴിമാന്തിയെ കണ്ടതും അച്ചൻ ബൈബിളും പുണ്യാളവ്വമായി നേരെ കുഴിലോട്ടുപോയി.

അതിപിന്നെ അപ്പാപ്പൻ ചാവുന്നൊരെ പള്ളിമേടയിലിരുന്ന് സുവിശേഷം ചൊല്ലി; എഴുത്തും വായനയും ഒന്നും അറിഞ്ഞൂടാരുന്നെങ്കിലും.

ബീടിപ്പുകയും ചീവീട് ചിലപ്പം അകമ്പടി സേവിച്ചുകൊണ്ടു ആന്തോയോടൊട്ടിയിരുന്ന അപ്പൻ കഥയുടെ ബാക്കി പറഞ്ഞുതുടങ്ങി.

"കയ്യിലേം തലേലേം മുറിവൊക്കെ ഒണങ്ങിയെങ്കിലും ചത്തെണീറ്റ് വന്നതോടെ അപ്പൻ ആകെ മാറിപ്പോയഡാ. ഏത് നേരോം അങ്ങേരട കണ്ണ് അപ്പാപ്പൻ ബാക്കിവച്ച ഈ തകരപ്പെട്ടിയില് ആയിരുന്നു. ഊണും ഓറക്കോം ഇല്ലാതെ അതിന്റ മുമ്പില് ഒരേയിരിപ്പ്. എന്റെ കൊച്ചുനാള് മൊതലുള്ള ആഗ്രഹമാണ് ആ പെട്ടി തൊറന്നു കാണണോന്ന്. എന്നാ അപ്പൻ പോലും അത് ഇന്നുവരെ തൊറക്കുന്നത് ഞാങ്കണ്ടിട്ടില്ല.

"തൊറക്കണ്ട നേരം ആവുമ്പം നെനക്ക് വിളി ഒണ്ടാവും" നെലത്തെഴഞ്ഞു വരുന്ന രാത്രികളിൽ പെട്ടി തൊറക്കാൻ പിരികേറ്റുമ്പോളെല്ലാം അപ്പാപ്പൻ അപ്പനോട് പറഞ്ഞതുതന്നെ, നാക്കുകുഴയാതെ അപ്പൻ എന്റെ നേരെയും തുപ്പിത്തരും.

മഴമാനത്ത് തങ്ങി നിന്ന ഒരു പാതിരാത്രിയില് അപ്പൻ മരോട്ടി വെട്ടത്തിൽ കറുത്ത ചട്ടയൊള്ള ഒരു പുസ്തകം വായിക്കുന്നതും തകരപ്പെട്ടീന്നു എന്തൊന്നോ പൊതിഞ്ഞെടുത്തുകൊണ്ടു പൊറത്തെറങ്ങിപ്പോണതും കണ്ടു. തിരിച്ചുവരുന്ന അപ്പനേം നോക്കി കൊറേനേരം കിടന്നെങ്കിലും വെളുത്തപ്പോ അപ്പൻ അടുത്തുതന്നെ ഉണ്ട്. ദെവസങ്ങൾ കഴിയുന്തോറും അപ്പന്റെ സ്വഭാവത്തിൽ പതിവില്ലാത്ത മാറ്റങ്ങള് കണ്ടുതൊടങ്ങി. വീട്ടില് വച്ചിരുന്ന മാതാവിന്റ പടം ദൂരെ എടുത്തു കളഞ്ഞു. ബൈബിള് കത്തിച്ചു. എനിക്കാകപ്പാട പേടിയായി. ആരോടെങ്കിലും പറയാനോ പൊറത്തെറങ്ങാനോ പോലും അപ്പൻ വിലക്കി. ചത്താലും തിരിച്ചുവരാൻ അപ്പന് പറ്റും എന്നെനിക്ക് തോന്നി. അങ്ങനെയാണ് ഞാൻ അപ്പനെ അടിച്ചുകൊന്ന വീട്ടിന്റകത്ത് തന്നെ കുഴിച്ചിട്ട് ചാണകോം തളിച്ചത്. രണ്ടുമൂന്നു ദെവസം നോക്കീട്ടും അപ്പൻ വന്നില്ല. പിന്ന ഞാനത് ആരോടും പറയാനും പോയില്ല. അപ്പനെച്ചോദിച്ചവരടുത്തെല്ലാം കർത്താവ് മരിച്ചെടം കാണാൻ പോയെന്ന് പറഞ്ഞു."

കനപ്പെട്ട ആ വെളിപ്പെടുത്തലിൽ ആന്തോ കുലുങ്ങിച്ചിരിച്ചു.

അപ്പനും ചിരിച്ചുകൊണ്ടേന്തോ പറയാനാഞ്ഞുവെങ്കിലും ചിതൽ കൊത്തുപണി ചെയ്ത ജനാലകളിലൂടെ മുറിയിലേയ്ക്ക് തുളച്ചിറങ്ങിയ പകൽ വെളിച്ചം അപ്പോഴേക്കും കറുപ്പിനെ മുഴുവനായും വിഴുങ്ങികഴിഞ്ഞിരുന്നു.

ഇടമുറിഞ്ഞ വാക്കുകളെറിഞ്ഞുകൊണ്ടു വെളിച്ചത്തിന് വിധേയപ്പെട്ട് ഇല്ലാതാകുമ്പോഴും അപ്പന്റെ നോട്ടം വെട്ടം കേറാത്ത ആ പെട്ടിയിലേയ്ക്കായിരുന്നു.

ചെറിയൊരു പാറക്കല്ലുകൊണ്ട് ദ്രവിച്ച തീരാറായ പൂട്ടിൽ നിന്നും പെട്ടിയെ സ്വതന്ത്രമാക്കിയ ആ നിമിഷം വെളിച്ചം നടത്തിയ പരകായ പ്രവേശത്തിൽ മരണത്തിന്റെ ഒടിവിദ്യ ഉടലുരുക്കുന്ന ചൂടായി ആന്തോയെ പൊതിഞ്ഞു.

പെട്ടിക്കുള്ളിലെ ശൂന്യത അനേകം ചോദ്യങ്ങൾക്കുള്ള ഉത്തരമായി.

വിലക്കപ്പെട്ട നിധിപോലെ അടുത്ത തലമുറയിലേക്ക് പെട്ടി താഴിട്ട് കുരിശു മുത്തിയ നേരം ചുണ്ടിൽ പടർന്ന ചോര തലമുറകൾ പഴക്കമുള്ള വീഞ്ഞു പോലെ മധുരിച്ചു. ആന്തോ പഴയോരെ ഓർത്ത് പുഞ്ചിരിച്ചു.

ഡി. പി. അഭിജിത്ത്

കൊല്ലം ജില്ലയിലെ കടക്കൽ സ്വദേശി. നിലമേൽ NSS കോളേജിൽ നിന്ന് മലയാളത്തിൽ ബിരുദവും കാലടി സംസ്കൃത സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദവും. 2019-ലെ മാതൃഭൂമി കെ വി അനൂപ് പുരസ്കാരം പരേതരുടെ പുസ്തകം എന്ന ചെറുകഥയ്ക്ക് ലഭിച്ചു. 2020-ലെ ഫൈൻ ആർട്സ് സൊസൈറ്റി കഥാ അവാർഡ്, ഉള്ളൂർ സ്മാരക സാഹിത്യ പുരസ്കാരം (കഥ: ഒന്നാം സമ്മാനം), 2021-ലെ മാതൃഭൂമി വിഷുപ്പതിപ്പ് കഥാമത്സരം മൂന്നാം സമ്മാനം എന്നിവ ലഭിച്ചിട്ടുണ്ട്.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014